# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 840 10.02.2016-ൽ മറുപടിക്ക്

## നാട്ടുകാണി ജലനിധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.കെ.വിജയൻ : | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. മരുത്തോങ്കര ഗ്രാമപഞ്ചായത്തിലെ നാട്ടുകാണി ജലനിധി പദ്ധതിയുടെ അറ്റകുറ്റ പണികൾക്ക് ഫണ്ട് അനുവദിക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷയിൻ മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | എ. ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെ ഉടമസ്ഥാവകാശം ഗുണഭോക്തൃ സമിതികൾക്കാണ്. പദ്ധതിയുടെ തുടർ നടത്തിപ്പും പരിപാലന ചെലവും നടത്തേണ്ട ഉത്തരവാദിത്വം നിലവിൽ അതാത് ഗുണഭോക്തൃ സമിതികൾക്ക് തന്നെയാണ്. നാളിതു വരെ പദ്ധതി നടപ്പാക്കി വിട്ടുതൽ ചെയ്ത പഞ്ചായത്തുകളിലെ പദ്ധതികൾക്ക് തുടർ പരിപാലനത്തിന് ഫണ്ട് ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പൂർത്തീകരിച്ച പദ്ധതികളുമായി ബന്ധപ്പെട്ടുള്ള പരാതികൾ പരിഹരിക്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു പരാതി പരിഹാരസെൽ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ